ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 26.06.2026**

## പ്രധാന

**TIME : 07.25 PM**

1. **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കം; ദേശീയ ദിന സുവർണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും.**
   **Prime Minister Narendra Modi's visit to Seychelles begins tomorrow; Prime Minister will be the Chief Guest at the Golden Jubilee celebrations of the country's National Day.**

2. **ഭൂകമ്പത്തിൽ ദുരന്ത ഭൂമിയായി വെനസ്വേല; സഹായഹസ്തവുമായി ഓപ്പറേഷൻ 'അമിസ്റ്റാഡ്' പ്രഖ്യാപിച്ച് ഇന്ത്യ.**
   **Prime Minister Narendra Modi's visit to Seychelles begins tomorrow; Prime Minister will be the Chief Guest at the Golden Jubilee celebrations of the country's National Day.**

3. **ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം; രാജ്യത്തിന്റെ ഭാവിക്ക് ഭീഷണിയായ ലഹരിക്കെതിരെ ഒറ്റക്കെട്ടായ യുദ്ധം അനിവാര്യമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ.**
   **Today is International Anti-Drug Day; Home Minister Amit Shah says a united fight against drug abuse, which threatens the future of the country, is essential.**

4. കേരളത്തിൽ സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കുമെന്ന് എക്സൈസ് വകുപ്പ് മന്ത്രി എം. ലിജു.
   **State Excise Minister M. Liju announced that a State Narcotic Control Bureau will be established in Kerala.**

5. സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്; നാളെ അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.
   **The Central Meteorological Department says that the rain will intensify in the state from tomorrow; Yellow alert in five districts tomorrow; Fishing ban on Kerala - Karnataka - Lakshadweep coasts until Monday.**

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് നോർവെ- ഫ്രാൻസിനെയും, സെനഗൽ- ഇറാഖിനെ യും നേരിടും; ഇന്ത്യ- അയർലൻഡ് ടി- 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം പുരോഗമിക്കുന്നു.
   **Today, Norway-France and Senegal-Iraq will face each other in the FIFA World Cup football; The first match of the India-Ireland T-20 cricket series is in progress.**

## PM SEYCHELLES VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും. സീഷെൽസിന്റെ ദേശീയ ദിന

സുവർണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു **വിഭാഗവും** ഇന്ത്യൻ നാവികസേനയുടെ രണ്ട് കപ്പലുകളും പരിപാടിയിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഈ മാസം 29 വരെ നീളുന്ന സന്ദർശനത്തിൽ സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ശ്രീ മോദി ചർച്ച നടത്തും. സീഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, ഇന്ത്യൻ പ്രവാസികളുമായും ആശയവിനിമയം നടത്തും.

## OPERATION-AMISTAD

ഭൂകമ്പത്തിൽ ദുരന്ത ഭൂമിയായി മാറിയ വെനസ്വേലയ്ക്ക് സഹായ ഹസ്തവുമായി ഇന്ത്യ. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാനും, അടിയന്തര സഹായം എത്തിക്കാനുമായി വിദേശകാര്യ മന്ത്രി ഡോ.എസ്.ജയശങ്കർ ഓപ്പറേഷൻ ‘അമിസ്റ്റാഡ്’ പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി വ്യോമസേനയുടെ രണ്ട് എം.സി.സി സി-17 വിമാനങ്ങൾ വെനസ്വേലയിലേക്ക് തിരിച്ചു. ഒരു ഇന്ത്യൻ ആർമി ഫീൽഡ് ഹോസ്പിറ്റൽ യൂണിറ്റും 35 ടണ്ണിലധികം ദുരിതാശ്വാസ സാമഗ്രികളും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളുമടക്കമുള്ളവ ഓപ്പറേഷൻ അമിസ്റ്റാഡിൽ ഉൾപ്പെടുന്നു. കഴിഞ്ഞ ദിവസം വെനസ്വേലയിൽ ഉണ്ടായ

ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 589 ആയി. മൂവായിരത്തോളം പേർക്ക് പരിക്കേറ്റതായാണ് റിപ്പോർട്ട്.

## INTERNATIONAL DAY AGAINST DRUG ABUSE

ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലഹരിക്കെതിരായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ലോകവ്യാപകമായി ശക്തിപ്പെടുത്താനുമാണ് ഐക്യരാഷ്ട്ര സഭ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. ലോക ലഹരി വിപത്ത് - നിലനിൽക്കുന്ന പ്രതിസന്ധികളും പുതിയ വെല്ലുവിളികളും നൂതന പ്രതികരണങ്ങളും എന്നതാണ് ഈ വർഷത്തെ പ്രമേയം.

## SHAH- NCORD MEETING (INTRO)

ലഹരി മരുന്നിനെതിരെ ഒറ്റക്കെട്ടായ പോരാട്ടത്തിന് ആഹ്വാനം ചെയ്ത് ആഭ്യന്തരമന്ത്രി അമിത് ഷാ. ലഹരി, ദേശീയ സുരക്ഷ, സാമൂഹിക സ്ഥിരത, സാമ്പത്തിക താൽപ്പര്യങ്ങൾ, യുവതയുടെയും രാജ്യത്തിന്റെയും ഭാവി എന്നിവയ്ക്ക് ഭീഷണിയാണെന്നും ന്യൂഡൽഹിയിൽ നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗത്തെ അഭിസംബോധന ചെയ്യവേ ശ്രീ.ഷാ

പറഞ്ഞു. **2014** മുതൽ **2026** വരെയുള്ള കാലയളവിൽ **118 ലക്ഷം** കിലോഗ്രാം സിന്തറ്റിക് ലഹരിമരുന്നുകൾ സർക്കാർ പിടിച്ചെടുത്തു. ലഹരിമരുന്നിനും ലഹരിക്കടത്ത് ശൃംഖലകൾക്കുമെതിരായ രാജ്യത്തിന്റെ പ്രചാരണം ശക്തിപ്പെടുത്തുന്നതിന് മികച്ച ഏകോപനവും സാങ്കേതികവിദ്യയുടെ ഉപയോഗവും അനിവാര്യമാണെന്നും ആഭ്യന്തരമന്ത്രി ഊന്നിപ്പറഞ്ഞു.

**(ബൈറ്റ് )**

❁❁❁❁❁❁❁❁❁❁❁❁❁

## CM-DRUGS

ലഹരിവിരുദ്ധ പോരാട്ടത്തിൽ കുട്ടികൾ സ്വയം സന്നദ്ധപ്രവർത്തകരായി മുന്നോട്ടുവരണമെന്ന് മുഖ്യമന്ത്രി

വി ഡി സതീശൻ ആവശ്യപ്പെട്ടു. അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ റാലി കവടിയാറിൽ ഫ്ളാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

❁❁❁❁❁❁❁❁❁❁❁❁❁

## M.LIJU- DRUGS

സംസ്ഥാനത്ത് സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കുമെന്ന് എക്സൈസ് വകുപ്പ് മന്ത്രി
എം ലിജു. തിരുവനന്തപുരത്തു വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലഹരിവിരുദ്ധ
പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 'മയങ്ങില്ല കേരളം' ക്യാമ്പയിൻ നടപ്പിലാക്കുമെന്നും, ഡി അഡിക്ഷൻ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

## JAPAN PM VISIT

പതിനാറാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിക്കായി ജപ്പാൻ പ്രധാനമന്ത്രി സനേ തകായിച്ചി അടുത്ത മാസം ഒന്ന് മുതൽ 3 വരെ ന്യൂഡൽഹിയിൽ ഔദ്യോഗിക സന്ദർശനം നടത്തും. ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താനും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറാനും ഉച്ചകോടി ഇരുകൂട്ടർക്കും അവസരം നൽകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. പ്രധാനമന്ത്രി തകായിച്ചിയുടെ ഇന്ത്യയിലേക്കുള്ള ആദ്യ ഔദ്യോഗിക സന്ദർശനമാണിത്.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് മറ്റെന്നാൾ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് കൂടി MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## JITENDRA SINGH-MEDIA CONCLAVE (INTRO)

നിർമിത ബുദ്ധിക്കൊപ്പം, ന്യൂക്ലിയർ, സ്പേസ്, ക്വാണ്ടം സാങ്കേതികവിദ്യകൾ തുടങ്ങിയവയായിരിക്കും ഭാവിയിലെ വളർച്ചയുടെയും ആഗോള മത്സരക്ഷമതയുടെയും രൂപരേഖകൾ നിർണയിക്കുന്നതെന്ന് ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന മീഡിയ കോൺക്ലേവിൽ സംസാരിക്കവെയാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. അതിർത്തി സാങ്കേതികവിദ്യകളിൽ ഇന്ത്യ അതിവേഗം ഒരു പ്രധാന ശക്തിയായി ഉയർന്നു വരികയാണെന്ന് ഡോ. സിംഗ് അടിവരയിട്ടു.

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## RAIN KERALAM

സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് , കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## FIFA WORLD CUP

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് നോർവെ- ഫ്രാൻസിനെയും, സെനഗൽ- ഇറാഖിനെയും നേരിടും. രാത്രി 12.30 നാണ് മത്സരങ്ങൾ. നാളെ നടക്കുന്ന മത്സരങ്ങളിൽ സ്പെയിൻ - ഉറുഗ്വേയെയും, സെ□ദി അറേബ്യ- ക്യാബോ വെർദയെയും നേരിടും. രാവിലെ 5.30 നാണ് മത്സരങ്ങൾ.

## CRICKET

ഇന്ത്യ – അയർലണ്ട് ടി-ട്വന്റി പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു. ശ്രേയസ് അയ്യർ ഇന്ത്യയുടെ പുതിയ ടി-20 ക്യാപ്റ്റനായി അരങ്ങേറ്റം കുറിക്കുന്ന മത്സരം ബെൽഫാസ്റ്റിൽ പുരോഗമിക്കുകയാണ്. ക□മാരതാരം വൈഭവ് സുര്യവംശി ആദ്യ ഇലവനിലില്ല.

## CENSUS

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം 4 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

## US - IRAN

നേരിട്ടുള്ള യു.എസ് - ഇറാൻ സംഘർഷ സാധ്യതകൾ കുറയ്ക്കുന്നതിനായി, ഇരുരാജ്യങ്ങളിലെയും സൈനിക പ്രതിനിധികൾ ഉൾപ്പെടുന്ന പ്രത്യേക സംവിധാനം രൂപീകരിക്കാൻ യു.എസും ഇറാനും സമ്മതിച്ചതായി യു.എസ് വൈസ് പ്രസിഡന്റ് ജെഡി വാൻസ് . ഈ ക്രമീകരണം അനുസരിച്ച് ഇരു രാജ്യങ്ങളുടേയും സൈനിക പ്രതിനിധികളെ ഖത്തറിലെ ദോഹയിൽ വിന്യസിക്കുമെന്ന് ഒരു അഭിമുഖത്തിൽ വാൻസ് വ്യക്തമാക്കി.

## TRAIN SERVICE CANCELLED

തിരുനെൽവേലി ജംഗ്ഷനിൽ യാർഡ് നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതിനെത്തുടർന്ന് കേരളത്തിലേക്കുള്ള ചില ട്രെയിൻ സർവീസുകൾ റദ്ദാക്കി. മധുര ജംഗ്ഷനിൽ നിന്ന്

പുറപ്പെടേണ്ട മധുര - പുനലൂർ ഡെയ്‌ലി എക്സ്പ്രസ് ഈ മാസം 29- വരെ പൂർണമായും റദ്ദാക്കും. ജൂൺ 27, 28, 29, 30 തീയതികളിൽ, പുനലൂർ - മധുര ഡെയ്‌ലി എക്സ്പ്രസും, നാഗർകോവിൽ - കൊല്ലം ഡെയ്‌ലി പാസഞ്ചറും, കൊല്ലം - നാഗർകോവിൽ ഡെയ്‌ലി പാസഞ്ചറും സർവീസ് നടത്തില്ല.

## GOYAL - UK

ഇന്ത്യ-യു.കെ സാമ്പത്തിക, വ്യാപാര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. യു.കെയുടെ ബിസിനസ് ആൻഡ് ട്രേഡ് സ്റ്റേറ്റ് സെക്രട്ടറി പീറ്റർ കൈലുമായി ലണ്ടനിൽ ഫലപ്രദമായ ചർച്ചകൾ നടത്തിയതായും ശ്രീ ഗോയൽ പറഞ്ഞു.അടുത്ത മാസം 15 മുതൽ പ്രാബല്യത്തിൽ വരുന്ന ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ ഇരു രാജ്യങ്ങൾക്കുമിടയിൽ നവീകരണം, നിക്ഷേപം, സമഗ്ര വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും കേന്ദ്രമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

## ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. 2026--27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ

ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

വീര്യം കുറഞ്ഞ മദ്യത്തി ന്റെ നികുതി കുറയ്ക്കാനുള്ള ബജറ്റ് പ്രഖ്യാപനവും പിഎം ശ്രീ പദ്ധതിയും ഉൾപ്പെടെയുള്ള രാഷ്ട്രീയവിഷയങ്ങൾ സഭയെ പ്രക്ഷുബ്ധമാക്കിയേക്കും.